# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29-07-2015- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 5645**

## തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. ടി.എൻ.പ്രതാപൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ പ്രവർത്തനസജ്ജമായ ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ എല്ലാം തന്നെ ഓൾ വെതർ പോർട്ടുകളാണ്. കൂടാതെ പൊന്നാനി ഒരു ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശി ക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) റോഡ്, റെയിൽ മാർഗ്ഗങ്ങളിൽക്കൂടി വരുന്ന ചരക്കുഗതാഗതം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ തിരിച്ചുവിടുന്നതിന് കേരള തീരങ്ങളിൽ ഓൾ വെതർ പോർട്ടുകൾ അനിവാര്യ മാണ്. |
| (സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ വികസിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. പൊന്നാനി തുറമുഖ ത്തിന്റെ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്, മുതൽ മുടക്കുന്ന മലബാർ പോർട്ട്സ് ലിമിറ്റഡ് എന്ന കമ്പനിയാണ്. ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ ചരക്ക് കയറ്റിറക്കുമതി നടത്തുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ (വാർഫുകൾ, ക്രെയിനുകൾ, ഗോഡൗണുകൾ മറ്റ് അനുബന്ധ സജ്ജീകരണ ങ്ങൾ തുടങ്ങിയവ) ഏർപ്പെടുത്തിയിട്ടുണ്ട്. ഏതു കാലാവസ്ഥയിലും ഈ തുറമുഖങ്ങളിൽ കപ്പലു കൾക്കും ബാർജ്ജുകൾക്കും അടുക്കുന്നതിനും ചരക്ക് കയറ്റിറക്കുമതി പ്രവർത്തനം നടത്തുന്ന തിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ